കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ്- ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ഗ്രാമപഞ്ചായത്താഫീസിലെ സീനിയർ ക്ലാർക്ക് (താല്ക്കാലിക സ്ഥാനക്കയറ്റം) ശ്രീമതി. വി. അശ്വതിയുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

# തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ. (സാധാ) നം. 3558/2015/തസ്വഭവ തീയതി, തിരുവനന്തപുരം,30/11/2015

---

പരാമർശം : 1. കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 18.12.2014 ലെ ഇ 2-9962/2014 നമ്പർ നടപടിക്രമങ്ങൾ

2. പഞ്ചായത്ത് ഡയറക്ടറുടെ 25.05.2015 ലെ ഇ 6-1473/2015 നമ്പർ കത്ത്.

## ഉത്തരവ്

ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ഗ്രാമപഞ്ചായത്താഫീസിലെ സീനിയർ ക്ലാർക്ക് (താല്ക്കാലിക സ്ഥാനക്കയറ്റം) ശ്രീമതി. വി. അശ്വതിയുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നല്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 പ്രകാരം ശിപാർശ സർക്കാരിൽ സമർപ്പിച്ചു.

ശ്രീമതി.വി.അശ്വതി 01.03.2007 ന് സേവനത്തിൽ പ്രവേശിച്ചു. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ എം. ഒ. പി പരീക്ഷ വിജയിയ്ക്കാത്തതിനാൽ പരാമർശം 1 പ്രകാരം ടിയാളുടെ പ്രൊബേഷൻ കാലയളവ് 25.03.2009 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നല്കിയിരുന്നു. 13.07.2010 ൽ ടിയാൾ എം. ഒ. പി പരീക്ഷ വിജയിച്ചതിനാൽ തൊട്ടടുത്ത ദിവസമായ 14.07.2010 ന് പ്രൊബേഷൻ പൂർത്തിയാക്കിയതായി ടിയാളുടെ നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 15.07.2010 വരെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിയ്ക്കണമെന്ന് പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

പരാമർശകത്തിലെ പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ഗ്രാമപഞ്ചായത്താഫീസിലെ സീനിയർ ക്ലാർക്ക് (താല്ക്കാലിക സ്ഥാനക്കയറ്റം) ശ്രീമതി. വി. അശ്വതിയുടെ എൽ.ഡി.സി. തസ്തികയിലെ പ്രൊബേഷൻ ടിയാൾ എം. ഒ. പി പരീക്ഷ വിജയിച്ച 13.07.2010 ന്റെ തൊട്ടടുത്ത ദിവസമായ 14.07.2010 ന് പ്രൊബേഷൻ പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 15.07.2010 വരെ കെ. എസ് & എസ്. എസ്.ആർ. ജനറൽ റൂൾ 21 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി എസ്**
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി ( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, നെടുങ്കണ്ടം ഗ്രാമപഞ്ചായത്താഫീസ്, നെടുങ്കണ്ടംപി.ഒ,
( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, ഐ. കെ. എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് ).
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ